**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 572**
**11.12.2012 -ലെ മറുപടിയ്ക്ക്**

**പ്രാദേശിക വികസന ഫണ്ടും വായന ശാലകൾക്ക് സഹായവും**

ചോദ്യം
**ശ്രീ.എ.കെ.ശശീന്ദ്രൻ**

ഉത്തരം
**ശ്രീ. കെ.എം.മാണി**
( ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| ( എ ) | എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കേരള ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വായന ശാലകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് അനുമതി നൽകുന്നതിനുള്ള തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് MLA SDF ന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം അനുമതിയില്ല |
| ( ബി ) | ഉണ്ടെങ്കിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ പുരോഗതി കണക്കിലെടുത്ത് എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വായന ശാലകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് അനുമതി നൽകുമോ ? | പൊതുജനങ്ങൾക്ക് പ്രയോജന പ്പെടുന്നതും സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്നതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടി മാത്രമേ MLA SDF വിനിയോഗിക്കാൻ പാടുള്ളൂ എന്ന കാര്യം മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, ഒഴിച്ചുകൂടാനാകാത്ത സന്ദർഭങ്ങളിൽ എം.എൽ.എ മാർ നിർദ്ദേശിക്കുന്ന ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് പ്രത്യേകാനുമതി നൽകി വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ